**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2965** **07-10-2025 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിൽ വനം വന്യജീവി വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ മണ്ഡലത്തിൽ വനം വന്യജീവി വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇക്കോ ടൂറിസം പദ്ധതി പ്രകാരം ആലപ്പുഴ മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നാളിതുവരെ നടപ്പിലാക്കിയത് എന്ന് വിശദമാക്കാമോ? | (ബി) | ഇക്കോ ടൂറിസം പദ്ധതി പ്രകാരം ആലപ്പുഴ മണ്ഡലത്തിൽ വനം വകുപ്പ് പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1. വനത്തിന് പുറത്ത് വൃക്ഷാവരണം നടത്തുന്നതിന്റെ ഭാഗമായി ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വൃക്ഷത്തൈകൾ ഉൽപാദിപ്പിച്ച് സൗജന്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒ കൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യക്തികൾ, പത്രമാധ്യമങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജന സംഘടനകൾ, മതസ്ഥാപനങ്ങൾ എന്നിവയ്ക്കായി 2021-22 മുതൽ 2024-25 വരെ തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

2. സ്കൂളുകൾ/കോളേജുകളിൽ ചെറുവനം സൃഷ്ടിക്കുന്നതിന്റ ഭാഗമായി നടപ്പാക്കി വരുന്ന വിദ്യാവനം പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ നിയോജക മണ്ഡലത്തിലെ എസ്.എൻ.കോളേജ് ചേർത്തല എസ്.എൻ ട്രസ്റ്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിലായി 2 വിദ്യാവനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

3. 2022-23 വർഷത്തിൽ ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാനിംഗ് പദ്ധതി പ്രകാരം ആലപ്പുഴ നിയോജക മണ്ഡലത്തിലെ എസ്.എൻ കോളേജിൽ തൈകൾ നട്ടു പിടിപ്പിച്ചിട്ടുണ്ട്.

4. തീരത്ത് ജൈവവൈവിദ്ധ്യം തീർത്ത് കടലാക്രമണം തടയുന്നതിന്റെ ഭാഗമായി 2021-22 വർഷത്തിൽ ആലപ്പുഴ നിയോജക മണ്ഡലത്തിലെ ചെത്തി മുതൽ മാരാരിക്കുളം വരെയുള്ള 2.8 ഹെക്ടർ തീരത്ത് 28000 കാറ്റാടിത്തൈകൾ നട്ടു പടിപ്പിച്ചിട്ടുണ്ട്.

5. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാലയങ്ങളിൽ നടപ്പിലാക്കി വരുന്ന സ്കൂൾ നഴ്സറി യോജന പദ്ധതി പ്രകാരം ആലപ്പുഴ മണ്ഡലത്തിലെ കാട്ടുർ ഹോളി ഫാമിലി സ്കൂളിൽ ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2023-24 വർഷം ടി സ്കൂളിന് 65,800/- രൂപ ആദ്യ ഗഡുവായി നൽകിയിട്ടുണ്ട്.

6. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന്റെ ഭാഗമായി 2024 ഡിസംബർ മാസം ആലപ്പുഴ കേന്ദ്രമാക്കി രൂപീകരിച്ചിട്ടുള്ള ദ്രുതകർമ്മസേനയുടെ യൂണിറ്റ് ജനവാസ മേഖലയിൽ എത്തിപ്പെടുന്ന ഉരഗവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള സംരക്ഷിത വിഭാഗങ്ങളിൽപ്പെടുന്ന ജീവികളെ പിടികൂടി സ്വാഭാവിക ആവാസ വ്യവസ്ഥയിൽ തുറന്നു വിടുന്നുണ്ട്.

7. ജനവാസ മേഖലയിൽ എത്തിപ്പെടുന്ന ഉരഗവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള സംരക്ഷിത വിഭാഗങ്ങളിൽപ്പെടുന്ന ജീവികളെ അവയുടെ സംരക്ഷണത്തിനും അതുവഴി പൊതുജനങ്ങൾക്ക് അവമൂലം ഉണ്ടാകുന്ന അത്യാഹിതങ്ങൾ ഇല്ലാതാക്കുന്നതിനുമായി ആലപ്പുഴ മണ്ഡലത്തിലെ വാളന്റിയർമാരുടെ സഹകരണത്തോടെ അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ തുറന്നു വിട്ടു വരുന്നുണ്ട്.

8. സ്കൂൾ കുട്ടികളെ വനസംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവാന്മാരാക്കുവാനും പ്രകൃതിയുമായി സംവദിക്കുന്നതിന് അവസരം ഉണ്ടാക്കുക വഴി കുട്ടികളെ പ്രകൃതി സംരക്ഷണം മുറുകെപ്പിടിക്കുന്ന ഭാവി പൗരന്മാരായി വാർത്തെടുക്കുക എന്ന ഉദ്ദേശത്തോടെ സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബുകൾ രൂപികരിച്ചു വരുന്നു. 2021 മുതൽ ആലപ്പുഴ മണ്ഡലത്തിലെ 5 സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു.

**9.** ഗുണമേന്മയുള്ള തടിയേതര വന ഉത്പ്പന്നങ്ങൾ ന്യായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി കൊമ്മാടി ജംഗ്ഷന് സമീപം ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഓഫീസിനോട് ചേർന്ന് വനശ്രീ ഇക്കോഷോപ്പ് പ്രവർത്തിച്ച് വരുന്നു.

**10.** സംരക്ഷിത പട്ടികയിലുള്ള "ഒലിവ് റിഡ്ലി" കടലാമകളുടെ സംരക്ഷണത്തിന്റെ ഭാഗമായി തീരദേശത്ത് കടലാമ സംരക്ഷണത്തിന് താത്പ്പര്യമുള്ളവരെയും അതിന് പ്രവർത്തിച്ച് വരുന്നവരെയും കടലാമ സംരക്ഷണത്തിനുള്ള താത്ക്കാലിക ജീവനക്കാരായി ആവശ്യമുള്ള കാലയളവിൽ നിയമിച്ച് കടലാമ മുട്ടകൾ സുരക്ഷിതമായി വിരിയിച്ച് ഇറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

**11.** സ്വകാര്യ ഭൂമിയിലെ വനവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഹരിതാഭ വർദ്ധിപ്പിക്കുന്നതിനും, കർഷകർക്ക് തടിയുത്പ്പാദനത്തിലൂടെ വരുമാനം ലഭ്യമാക്കുന്നതിനും, വൃക്ഷത്തൈകൾ നട്ടു വളർത്തുന്നതിന് സാമ്പത്തിക സഹായം വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയായ ട്രീ ബാങ്കിംഗ് പദ്ധതിയിൽ ആലപ്പുഴ മണ്ഡലത്തിൽ അർഹരായ അപേക്ഷകരെ ധനസഹായത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. അവർക്ക് വൃക്ഷത്തൈകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**12.** ഹരിതമേലാപ്പ് വർദ്ധിപ്പിക്കുന്നതിനായി വനം വന്യജീവി വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന വനേതര പ്രദേശങ്ങളിൽ **2021-22** മുതൽ വൃക്ഷവത്ക്കരണ പരിപാലന പ്രവർത്തനങ്ങൾ നടത്തി വരുന്ന പദ്ധതിയാണ് വൃക്ഷ സമൃദ്ധി. ടി പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ ആവശ്യമായ വിത്തും സാങ്കേതിക സൗകര്യങ്ങളും വനം വകുപ്പാണ് നൽകിയിട്ടുള്ളത്. തുടർ വർഷങ്ങളിൽ വിത്ത് ശേഖരണം മുതൽ എല്ലാ പ്രവർത്തികളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തി വരുന്നു.